**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2496** **15-10-2024 - ൽ മറുപടിയ്ക്ക്**

**നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കൈത്തറി നെയ്ത്ത് സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം<br>2. ഹാന്റക്സ്/ഹാൻവീവ്-ലെ സർക്കാർ ഓഹരി പങ്കാളിത്തം<br>3. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി<br>4. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ<br>5. കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ (യുവ വീവ് പദ്ധതി)<br>6. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി<br>7. അംശദാന സമ്പാദ്യ പദ്ധതി<br>8. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി<br>9. വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി<br>10. കൈത്തറി സംഘങ്ങളുടെ ആധുനികവത്ക്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും<br>11. പരിശീലനവും വൈദഗ്ദ്ധ്യ ശേഷി വികസന പരിപാടിയും<br>12. ദേശീയ കൈത്തറി വികസന പരിപാടി (എൻ.എച്ച്.ഡി.പി)<br>13. കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് എത്ര നെയ്ത്ത് സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്നും റിബേറ്റിനത്തിൽ എത്ര തുകയാണ് കുടിശ്ശികയായി സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് 292 നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>ഹാൻവീവ്, ഹാന്റക്സ്, പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾ എന്നിവർക്ക് റിബേറ്റ് നൽകുന്നതിനായി 2024-25 സാമ്പത്തിക വർഷം 10 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 2,99,99,504/- രൂപ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. റിബേറ്റ് ഇനത്തിൽ കുടിശ്ശികയായിട്ടുള്ള 114 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | റിബേറ്റിനത്തിൽ നൽകുവാനുള്ള തുക അടിയന്തരമായി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് 292 നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>ഹാൻവീവ്, ഹാന്റക്സ്, പ്രാഥമിക നെയ്ത്ത് സഹകരണ സംഘങ്ങൾ എന്നിവർക്ക് റിബേറ്റ് നൽകുന്നതിനായി 2024-25 സാമ്പത്തിക വർഷം 10 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 2,99,99,504/- രൂപ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. റിബേറ്റ് ഇനത്തിൽ കുടിശ്ശികയായിട്ടുള്ള 114 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ